പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3544** 12/12/2014-ൽ മറുപടിയ്ക്ക്

"ഇ.എം.എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതി"

| ചോദ്യം<br>ശ്രീ.കെ.രാധാകൃഷ്ണൻ | | മറുപടി<br>ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇ.എം.എസ് സമ്പൂർണ്ണ പാർപ്പിട പദ്ധതി പ്രകാരം നിർമ്മാണം ആരംഭിച്ച എല്ലാ വീടുകൾ ക്കും ധനസഹായം വിതരണം ചെയ്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ ; എങ്കിൽ ഈ സർക്കാർ അതിനു വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ ; | (എ) | പൂർത്തിയാക്കിയിട്ടില്ല.<br>മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി ഇ.എം.എസ് ഭവന പദ്ധതി പ്രകാരം കരാർ വച്ച് ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ ഭവന നിർമ്മാണം 31.03.2015 ന് മുമ്പായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുന്ന തുക അടിയന്തിരമായി ചെലവഴിക്കുന്നതിനും, പ്രസ്തുത തുക ഉപയോഗിച്ച് എല്ലാ ഗഡുക്കളും കൊടുത്ത് തീർക്കാത്തവർക്ക് ബാക്കി ഗഡു ഉണ്ടെങ്കിൽ ആയത് കൊടുക്കേണ്ടതാണെന്നും ശേഷിക്കുന്ന തുക വായ്പാ തിരിച്ചടവിന് വിനിയോഗിക്കണമെന്നും, ആയതിനു ശേഷവും മിച്ചമുണ്ടെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം ഏറ്റെടുക്കുന്ന പുതിയ ഭവന പദ്ധതിയ്ക്ക് ഉപയോഗിക്കാവുന്നതാണെന്നും വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവന നിർമ്മാണ പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾക്ക് ധനസഹായം അനുവദിച്ചുവെന്നും ; എത്ര വീടുകൾ നിർമ്മാണം പൂർത്തിയാക്കിയെന്നും വിശദമാക്കാമോ ? | (ബി) | ഇ.എം.എസ് ഭവന പദ്ധതിയ്ക്ക് പകരമായി പുതിയ ഭവന പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല. എന്നാൽ ഐ.എ.വൈ അല്ലാതെ മറ്റു ഭവന പദ്ധതികൾ നിലവിലില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചില വ്യവസ്ഥകൾക്ക് വിധേയമായി പുതിയ ഭവന പദ്ധതികൾ ഏറ്റെടുക്കാൻ 11/03/2013 -ലെ സ.ഉ.(എം.എസ്) 83/13/തസ്വഭവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ